**റൂളിംഗ്**

മി. സ്പീക്കർ: ചട്ടം 303 പ്രകാരം ശ്രീ. വി. ഡി. സതീശൻ ഇവിടെ ഉന്നയിച്ചത് വളരെ ഗൗരവകരമായ ഒരു കാര്യമാണ്. ഇക്കാര്യത്തിൽ ഏതെങ്കിലും തരത്തിലുള്ള അവ്യക്തതകൾ ബാക്കി നിൽക്കുന്നുണ്ടെങ്കിൽ അത് പരിഹരിക്കാനുള്ള മുൻകൈ ചെയറിന്റെ ഭാഗത്തുനിന്നും തീർച്ചയായും ഉണ്ടായിരിക്കും. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഗവൺമെന്റിന്റെ വാദമുഖം ഇവിടെ ഉന്നയിക്കുകയുണ്ടായി. ഈ വിഷയത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് off and on ആയി ഒരു റൂളിംഗ് ഇപ്പോൾ നൽകുന്നില്ല. കാര്യങ്ങൾ വിശദമായി പരിശോധിച്ച് വ്യക്തമായ റൂളിംഗ് പിന്നീട് നൽകുന്നതാണ്.